ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി) നിത്യോപയോഗ സാധനങ്ങൾ ജനങ്ങൾക്ക് ന്യായവിലയ്ക്ക് ലഭ്യമാക്കുക എന്നതാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിച്ചത്. ഇതിനായി ബജറ്റിൽ നിന്നും തുകയൊന്നും അനുവദിച്ചിട്ടില്ല.

**പുതിയ റേഷൻകാർഡ് വിതരണവും കാർഡിലെ വിവരങ്ങളുടെ ആധികാരികതയും**

182 (3932) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും പൊതുവിതരണവും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഴയ റേഷൻ കാർഡിൽ നിന്നും വ്യത്യസ്തമായി എന്തെല്ലാം വിവരങ്ങളാണ് പുതിയ കാർഡുകളിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്നും പുതിയ കാർഡുകളുടെ ഉപയോഗം നിലവിൽ വന്നുകഴിയുമ്പോൾ ഏതെങ്കിലും സർട്ടിഫിക്കറ്റുകൾക്കുപകരം റേഷൻ കാർഡ് ഉപയോഗിക്കുവാൻ കഴിയുമോ എന്നും വ്യക്തമാക്കുമോ ;

(ബി) റേഷൻ കാർഡിലെ വിവരങ്ങൾക്ക് കാർഡിൽ ഉൾപ്പെട്ട വ്യക്തികൾ നൽകുന്നതിലപ്പുറം എന്തെങ്കിലും ആധികാരികത ഉണ്ടോയെന്നും ഒരു വ്യക്തി തെറ്റായ വിവരങ്ങളാണ് നൽകിയിട്ടുള്ളതെങ്കിൽ എന്ത് നടപടി സ്വീകരിക്കുവാൻ കഴിയുമെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) പുതിയ റേഷൻകാർഡിൽ കാർഡുടമയുടെ പേര്, കാർഡുടമയുടെ മേൽവിലാസം, കുടുംബത്തിന്റെ പ്രതിമാസ വരുമാനം, റേഷൻകട വഴി വാങ്ങുന്ന സാധനങ്ങളുടെ അളവ്, സപ്ലൈകോ/കൺസ്യൂമർഫെഡ് എന്നിവയിൽ നിന്ന് വാങ്ങുന്ന 7 അവശ്യസാധനങ്ങളുടെ അളവ് തുടങ്ങിയ വിവരങ്ങളാണ് ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നത്. റേഷൻ കാർഡ് റേഷൻ സാധനങ്ങൾ വാങ്ങുന്നതിനുവേണ്ടി മാത്രം ഉള്ളതാണ്. ഏതെങ്കിലും സർട്ടിഫിക്കറ്റുകൾക്ക് പകരം റേഷൻ കാർഡ് ഉപയോഗിക്കാൻ പറ്റുന്നതല്ല.

(ബി) റേഷൻകാർഡിലെ വിവരങ്ങൾക്കുള്ള ആധികാരികത സോഷ്യൽ ആഡിറ്റ് വഴി പരിശോധിക്കുന്നതാണ്. കൂടാതെ, സോഷ്യൽ ആഡിറ്റിൽ റേഷൻ കാർഡിലെ വിവരങ്ങൾ സംബന്ധിച്ച പരാതികൾ റേഷനിംഗ് ഇൻസ്പെക്ടർ മുഖേന സ്പോട്ട് അന്വേഷണം നടത്തി പരിഹരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly